LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് പഞ്ചായത്തിൽ കുംബാര സമുദായം നേരിടുന്ന കുടിവെള്ള ക്ഷാമം

50 [664] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് പഞ്ചായത്തിൽ മൈസൂർ രാജകുടുംബ പാരമ്പര്യത്തിൽപ്പെട്ട കുംബാര സമുദായം കുടിവെള്ളക്ഷാമം കൊണ്ട് ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വിഭാഗത്തിന്റെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രകൃതിക്ഷോഭംമൂലം ചേലക്കര മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

51 [665] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 5, 6 തീയതികളിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ ചേലക്കര മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കൃഷിനാശത്തിന്റെ തോത് പരിശോധിച്ചിട്ടുണ്ടോ;

(സി) കൃഷിനാശം ഉണ്ടായവർക്ക് ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,19,48,690 രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) കൃഷിനാശം കണക്കാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ആഫീസർ വഴി നടപടി സ്വീകരിച്ചുവരുന്നു.

ചേലക്കര നിയോജകമണ്ഡലത്തിലെ പ്രകൃതിക്ഷോഭത്തിനിരയായവർക്ക് നഷ്ടപരിഹാരം

52 [666] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിൽ ചേലക്കര നിയോജകമണ്ഡലത്തിൽ 2004 ജൂൺ 5, 6 തീയതികളിൽ നടന്ന പ്രകൃതിക്ഷോഭത്തെക്കുറിച്ചുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;